(ബി) ഈ റിപ്പോർട്ടിലെ ശുപാർശപ്രകാരം ഓരോ വിഭാഗം ജീവനക്കാർക്കും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ റിപ്പോർട്ടിൽ ചില അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതുപരിഹരിക്കുന്നതിനു ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ സ്വീകരിച്ച നടപടി

36 (44) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കമ്മീഷൻ സമർപ്പിച്ച ശുപാർശകളിന്മേൽ, ജീവനക്കാർക്കിടയിലെ വിവിധ വിഭാഗങ്ങൾ അതൃപ്തരാണെന്നകാര്യം സർക്കാരിനറിവുണ്ടോ ; എങ്കിൽ അതുപരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ശമ്പള പുരിഷ്ക്കരണ കാര്യത്തിൽ ടേംസ് ഓഫ് റഫറൻസിന് പുറമേ ധനകാര്യമന്ത്രി ചില നിർദ്ദേശങ്ങൾ കമ്മീഷന് നൽകിയിരുന്നതായ റിപ്പോർട്ടുക ളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ ശുപാർശകളുടെ കാര്യത്തിൽ വ്യാപക പ്രതിഷേധമുള്ള സാഹചര്യത്തിൽ സർക്കാർസംഘടനകളുമായി സർക്കാർ തലത്തിൽ വീണ്ടും ചർച്ചനടത്തുമോ ;

(ഇ) ശമ്പളഘടനയിൽ കേന്ദ്രതുല്യതവേണമെന്ന ജീവനക്കാരുടെ ആവശ്യം സർക്കാർതലത്തിൽ പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റിപ്പോർട്ട് അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നു.

(ബി) പരാതികൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരുന്നു.

(സി) നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(ഡി&ഇ) റിപ്പോർട്ട് പരിശോധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly